ഉത്തരം

(എ) 51,847 കുടുംബങ്ങൾക്ക് കൈവശഭൂമി പതിച്ചു നൽകിയിട്ടുണ്ട്.

(ബി)&(സി) വർക്കല നഗരസഭാതിർത്തിയിലെ കുറെ കൈവശക്കാർ പട്ടയത്തിനായി അപേക്ഷിച്ചിട്ടുണ്ട്. ടി അപേക്ഷകളിന്മേൽ മുനിസിപ്പൽ/ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങൾക്ക് വിധേയമായി പട്ടയം നൽകാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ചില നിബന്ധനകൾക്ക് വിധേയമായി അർഹമായ കേസുകളിൽ കൈവശരേഖ നൽകുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

58 (560) നേമം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽപ്പെട്ട ഏതെല്ലാം വില്ലേജുകളിലാണ് ലക്ഷം വീട്, പുറമ്പോക്ക് കൈവശക്കാർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പട്ടയം നൽകിയിട്ടുള്ളത്;

(ബി) എല്ലാ വില്ലേജുകളിലും ഈ വിഭാഗക്കാർക്ക് പട്ടയം നൽകിയിട്ടുണ്ടോ;

(സി) ഇനി ഏതെല്ലാം വില്ലേജുകളിലാണ് പട്ടയം നൽകുവാനുള്ളത്;

(ഡി) അതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ;

(ഇ) എത്രയുംവേഗം എല്ലാവർക്കും പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) പള്ളിച്ചൽ, മാറനല്ലൂർ, മലയിൻകീഴ്, വിളപ്പിൽ, വിളവൂർക്കൽ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട ലക്ഷം വീട് നിവാസികൾ പുറമ്പോക്ക് കൈവശക്കാർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ വില്ലേജുകളിൽ ഏതാനും പേർക്കു കൂടി പട്ടയം നൽകാനുണ്ട്.

(ഡി) കെ.എൽ.എ റൂൾ പ്രകാരം നടപടികൾ എടുത്തുവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

59 (561) മലയോര കർഷകർക്ക് പട്ടയം

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ. എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.1.1977 ന് മുൻപായി വനഭൂമി കൈവശം വച്ചു വരുന്ന മലയോര കർഷകർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) എത്ര മലയോര കർഷകരാണ് നിലവിൽ ഇപ്രകാരം പട്ടയം ലഭിക്കാൻ അർഹരായിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly